പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2912 **29-10-2026-ൽ മറുപടിയ്ക്ക്**

മലമ്പുഴ മണ്ഡലത്തിലെ പാളയം പാലം നിർമാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ വിഭാഗത്തിന്റെ നിർമ്മാണ ചുമതലയിലുള്ള പാളയം പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: പാലത്തിന്റെ അഞ്ചു സ്പാൻ ഉള്ളതിൽ നാലാമത്തെ സ്പാനിലെ സ്ലാബിന്റെ പ്രവൃത്തിയും, അഞ്ചാമത്തെ സ്പാനിലെ ഗർഡർ ചെയ്യുന്നതിനുള്ള സ്റ്റേജിങ് പ്രവൃത്തിയും നടന്നുവരുന്നു. നിലവിൽ 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: പാലത്തിന്റെ നാലാമത്തെ സ്പാനിന്റെ സ്ലാബ്, അഞ്ചാമത്തെ സ്പാനിന്റെ ഗർഡറുകളും, സ്ലാബും, പാലത്തിന്റെ ഇരുവശങ്ങളിലെയും കൈവരികളുടെ നിർമ്മാണം, അപ്രോച്ച് റോഡിന്റെ ടാറിങ്, അനുബന്ധ പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.

(സി) പ്രസ്തുത പാലം പണി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മറുപടി: പ്രവൃത്തി 2027 ജനുവരി മാസം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ